I/98343/2022

നമ്പർ.ഇ3/291/2022/റ്റിസി

*ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,*
*രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്,*
*തൈക്കാട് പി.ഒ തിരുവനന്തപുരം - 14,*
[(0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ -
tcoffice.mvd@kerala.gov.in ]
തീയ്യതി,24-11-2022

പ്രേഷകൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,

1. എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും
2. എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
3. എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും (എൻഫോഴ്സ്മെന്റ്)
4. എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
5. മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർ (ചെക്ക് പോസ്റ്റ്)

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** - അമിതഭാരം കയറ്റി വരുന്ന വാഹനങ്ങൾ പരിശോധിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശം - സംബന്ധിച്ച്.

സൂചന :-
1. സി1/6234/റ്റിസി/2016 തീയതി 01.07.2016
2. സി1/15059/റ്റിസി/2010 തീയതി 16.05.2015
3. സി1/4221/റ്റിസി/2010 തീയതി 07.07.2010
4. സി1/3070/റ്റിസി/2004 തീയതി 25.10.2004

സംസ്ഥാനത്ത് അമിതഭാരം കയറ്റി വരുന്ന വാഹനങ്ങളുടെ പരിശോധനയുമായി ബന്ധപ്പെട്ട് സൂചനകൾ പ്രകാരം നിരവധി നിർദ്ദേശങ്ങൾ നൽകിയിരുന്നു. അമിത ഭാരം കയറ്റിവരുന്ന വാഹനങ്ങൾക്ക് സർക്കാരിന്റെ 26/10/2019 തീയതിയിലെ G.O(P)No.37/2019/ Tran എന്ന ഉത്തരവ് പ്രകാരം പിഴ ഈടാക്കേണ്ടതും അധിക ഭാരം ഇറക്കിയ ശേഷം മാത്രമേ വാഹനം വിട്ടുനൽകുവാൻ പാടുള്ളൂ എന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ടി നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതോടൊപ്പം താഴെ പറയുന്ന അധിക നിർദ്ദേശങ്ങൾ കൂടി നൽകുന്നു;

1. അമിത ഭാരം കയറ്റിവരുന്ന വാഹനത്തിന്, അധിക ഭാരം ഉൾപ്പെടെയുള്ള ആകെ ഭാരം (GVW) കയറ്റുന്ന വാഹനങ്ങൾക്ക് ഈടാക്കേണ്ട ബാക്കി നികുതി ഈടാക്കേണ്ടതാണ്. അതായത് 16200 Kg GVW ഉള്ള ഒരു സാദാ ചരക്ക് വാഹനത്തിന്റെ ത്രൈമാസ നികുതി

4040/- രൂപയാണ്. വാഹന പരിശോധനയിൽ ടി വാഹനത്തിൽ 25000 Kg ഭാരം ഉണ്ടെന്ന് കണ്ടെത്തിയാൽ ആയതിന്റെ നികുതി 10990/- രൂപയാണ്. ആയതിനാൽ ബാക്കി നികുതിയായ 6950/- രൂപ കൂടി ഈടാക്കിയ ശേഷം മാത്രമെ വാഹനം വിട്ടുനൽകുവാൻ പാടുള്ളൂ. ഇത്തരത്തിൽ ബാക്കി നികുതി ഈടാക്കുമ്പോൾ പരിശോധന നടന്ന ക്വാർട്ടറിന്റെ ആരംഭം മുതൽ വാഹനം പരിശോധിച്ച മാസം വരെയുള്ള ബാക്കി നികുതി ഈടാക്കിയാൽ മതിയാകും.

2. അമിതഭാരം കയറ്റിവരുന്ന വാഹനങ്ങൾ കേന്ദ്ര സർക്കാരിന്റെ 16.07.2018 ലെ SO No.3467(E), 06.08.2018 ലെ SO No.3881(E), 18.07.2018, 07.08.2018 എന്നീ തീയതികളിലെ RT-11028/11/2017-MVI എന്നീ നമ്പർ ഉത്തരവുകൾ പ്രകാരം വാഹനങ്ങളുടെ GVW , Registration certificate/Permit എന്നിവയിൽ വർദ്ധിപ്പിച്ചിട്ടി ല്ലായെങ്കിൽ അത്തരത്തിൽ GVW വർദ്ധിപ്പിക്കുന്നതിന് നിർദ്ദിഷ്ട ഫീസ് അടച്ച് അപേക്ഷ സമർപ്പിക്കുവാൻ വാഹന ഉടമയ്ക്ക് നിർദ്ദേശം നൽകേണ്ടതാണ്.(പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു)
3. GVW വർദ്ധിപ്പിക്കുന്നതിനുള്ള അപേക്ഷ ലഭിച്ചാൽ ടി അപേക്ഷ പരിഗണിക്കാൻ അർഹമാണോ എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച ശേഷം Registration certificate/Permit എന്നിവയിൽ GVW ൽ മാറ്റം വരുത്തേണ്ടതും അതിനനുസരിച്ച് ഉയർന്ന നികുതി ഈടാക്കുകയും ചെയ്യേണ്ടതാണ്. GVW ഉയർത്തുന്നതിനുള്ള അപേക്ഷകളിൽ വാഹനം പരിശോധിക്കേണ്ടതില്ല എന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ,

Signed by
K Manojkumar
Date: 24-11-2022 14:46:39

K Manojkumar
JOINT TRANSPORT
COMMISSIONER(ENFORCEMENT) IN CHARGE